## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3983 16/05/2017-ൽ മറുപടിയ്ക്ക്
### ലൈഫ് മിഷൻ പദ്ധതി

| | ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലേയും ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള സർവ്വെ പൂർത്തികരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ലൈഫ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ ഫോറങ്ങളുടെ മേൽ പരിശോധനാ നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ? | (ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം താഴെപറയുന്ന നിബന്ധനകൾ പാലിക്കുന്ന വരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ<br>• ഭൂമിയുള്ള ഭവനരഹിതർ<br>• ഭൂരഹിത ഭവനരഹിതർ<br>• ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ<br>ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപറയുന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br>• മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>• അഗതികൾ<br>• അംഗവൈകല്യമുള്ളവർ<br>• ഭിന്നലിംഗക്കാർ<br>• ഗുരുതര/മാരക രോഗമുള്ളവർ<br>• അവിവാഹിതരായ അമ്മമാർ |

| | | | |
|---|---|---|---|
| | | | • രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>• വിധവകൾ<br>• എച്ച്.ഐ.വി $+^{ve}$ ആയിട്ടുള്ളവർ |

**സെക്ഷൻ ഓഫീസർ**